"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് നിയമനം (യോഗ്യത - നിയമനരീതി) സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ [*RECRUITMENT (QUALIFICATION AND METHOD OF APPOINTMENT) RULES*] - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(അച്ചടി) നം.2/2026/TSM തീയതി,തിരുവനന്തപുരം, 04-08-2026

---

പരാമർശം:-

1. കെ.ടി.ഐ.എൽ മാനേജിങ് ഡയറക്ടറുടെ 24.09.2018 തീയതിയിലെ കെ.റ്റി.ഐ.എൽ /അഡ്മിൻ/2018-19/322-18 നമ്പർ കത്ത്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 05.05.2022 തീയതിയിലെ A3-3/8/2019-KPSC/Dummy നമ്പർ കത്ത്.
3. 29.07.2021 ലെ G.O.(Ms) No.18/2021/P&ARD ഉത്തരവ്.

**ഉത്തരവ്**

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് നിയമനം (യോഗ്യത - നിയമനരീതി) സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ [*RECRUITMENT (QUALIFICATION AND METHOD OF APPOINTMENT) RULES*] രൂപീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം മാനേജിംങ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്-ന്റെ നിയമനം (യോഗ്യത - നിയമനരീതി) സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾ [*RECRUITMENT (QUALIFICATION AND METHOD OF APPOINTMENT) RULES*] അംഗീകരിച്ച്, അനുബന്ധം 1, 2 (English & മലയാളം പരിഭാഷ) ആയി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പ്രസ്തുത ചട്ടങ്ങൾക്ക് ഈ ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (E & RS), കേരളം, തിരുവനന്തപുരം.
4. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

5. ധനകാര്യ വകുപ്പ്. ( U O File No.2954008/PU-C3/168/2024-Fin Dated 17.12.2024)
6. ആസൂത്രണ & സാമ്പത്തിക കാര്യ വകുപ്പ്. (U.O. No.PLGEA/BPE2/22/2026-PLGEA dated 10.04.2026)
7. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്. (U.O. File No.ADV-B2/192/2025/P and ARD Dated 18/10/2025
8. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

Digitally signed by
Sibil Senan
Date: 06-08-2026
12:28:01

സെക്ഷൻ ഓഫീസർ

പകർപ്പ് :

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പി.എസ്.- ന്

വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്

അനുബന്ധം 1

# RECRUITMENT (QUALIFICATION AND METHOD OF APPOINTMENT) RULES FOR KERALA TOURISM INFRASTRUCTURE LIMITED

1. **Short Title and Commencement**

   a. "These Rules may be called the Recruitment (Qualification and Method of Appointment) Rules , 2026 for the Kerala Tourism Infrastructure Limited"
   b. "These Rules shall come into force on (Date of final approval) in supersession of all the existing Rules"

2. **Definitions**

   a. **'Rules'** means the Recruitment (Qualification and Method of Appointment) Rules, 2026 for the Kerala Tourism Infrastructure Limited.
   b. '**Company**' means the Kerala Tourism Infrastructure Limited.
   c. **'Commission'** means Kerala Public Service Commission.
   d. '**Managing Director'** means the CEO of the Company appointed by the Government from time to time.
   e. **'Competent Authority'** means in relation to exercise of any power, the Board, the Chairman, the Managing Director or any other officer specified in that behalf by the Board.
   f. '**Appointing Authority'** means an officer empowered by the Board to make appointments to posts in the Company.
   g. '**Probationer'** means a person employed and put on probation and also includes an employee who is on extended probation against a sanctioned post.
   h. '**Approved Probationer'** in a category means a member of that category who has satisfactorily completed his probation and awaits appointment as full member of such category.

**3. Recruitment**

   a. Posts under the Company shall be filled in accordance with the

Recruitment Rules. The designation of the post, qualification, experience and method of appointment for filling up posts in various cadre in the Company are laid down in the Annexure of these Rules.

b. Vacancies that may arise from time to time shall be filled in by resorting to the methods of appointment as specified in the Annexure of these Rules.

c. Employment assistance will be provided by the Company to the dependents of employees "dying-in-harness" in accordance with the Government Orders issued in this regard from time to time.

d. The Rules regarding reservation of appointments (General Rules 14 to 17 of the KS&SSR 1958 as amended from time to time) shall apply for all appointments by direct recruitment.

e. No person shall be eligible for appointment by direct recruitment to any of the categories under these Rules, if he/she has not completed 18 (eighteen) years of age or if he/she has completed 36 (thirty six) years of age (Except for those posts wherein specific age limit is fixed) on the first day of January of the year in which applications are invited for appointment with usual relaxation for SC/ST and OBC. In no case the maximum age limit for direct recruitment shall exceed 50 years.

Note:- Ex-Servicemen and Differently abled candidates are entitled for age relaxation subject to the Government Orders issued from time to time.

f. The qualifications and methods of appointment of all the categories/posts are specified in the Annexure of these Rules. No person shall be appointed to any category/post and by the method/methods specified unless he/she possesses the qualification as prescribed in the Annexure of these Rules.

4. **Probation**

Every person appointed to any of the categories mentioned in the Annexure shall be on probation for the date on which he joins duty as specified below:

a. If appointed by direct recruitment or By Transfer to any category other than attendant for a total period of two years on duty within a continuous period of three years
b. If "by promotion" is the method of appointment, for a total period of one year on duty within a continuous period of two years.
c. If appointed by direct recruitment to the category of attender for a total period of one year on duty within a continuous period of three years

## 5. Promotion

a. Promotions shall be made as an when vacancies occur in various cadre of the Company against the promotion quota, provided eligible/suitable candidates in the next lower Cadre/grade are available within the Company .
b. Appointment by promotion within the service of the Company provided in these Rules shall be made from the seniority list of eligible employees who are approved probationers in the feeder category, prepared on the basis of merit and ability and when merit and ability become similar, seniority shall be reckoned for promotion.
c. Merit and ability shall be determined on the basis of confidential report, periodical performance, assessment etc.The Confidential Report, Periodical Performance and Assessment will be prepared based on assessments on various criteria such as intelligence, Initiative and Resourcefulness, Discipline, Responsibility and Dependability, Co-operation and Personal Relations, Interest in the Assignment, Job Knowledge, Noting Drafting and Correspondence, Power of Analysis and Judgment, Supervision and control, Quantity and Quality of Work, Ability to Communicate, Use of Delegated Powers, Punishment Awarded to the Officer.
d. No person shall be eligible for promotion unless he/she possesses all the requirements as specified in the Annexure of these Rules.
e. Department Promotion Committee will be constituted by the Board consisting of Managing Director as Chairman, General Manager as Convener and subject Expert from outside the Company as member.

The Committee shall also be entrusted with the Reveiw of its decision in the matter of selection for promotion and the Board shall be the Appellate Authority against the decision of the DPC.

## 6. **Appointment By Transfer**

Appointment By Transfer shall be made to the categories of posts if the same has been prescribed as one of the methods of appointment in the Annexure of this Rules and strictly in accordance with the requirements as specified there.

## 7. **General Conditions**

a. All the Educational /Technical qualifications prescribed in the Annexure of these Rules shall be one obtained from UGC recognized Universities/ National Institutes established by the Central Government or Institutions established by the Government of Kerala and the MBA/MCA/PGDCA qualifications shall be one obtained after a regular course of study from such Universities /Institutions.

b. For promotions/By Transfer Appointment against a vacancy to any category/post, the incumbent should possess all the required qualifications, as specified in the Annexure of these Rules, on the actual date of occurrence of such vacancy.

c. If ‘by direct recruitment’ is specified as one of the methods of appointments and if no qualified hands are available in the service of Kerala Tourism Infrastructure Limited for promotion/by transfer appointment, on actual date of occurrence of the vacancy, the vacancy shall be filled up by direct recruitment.

d. If the qualifications prescribed for a post/posts in the previous Regulations stands modified by these regulations for promotion/By Transfer appointments, appointments to such posts, the employees who are in the service of the Kerala Tourism Infrastructure Limited on the day on which these Regulations come into force are eligible for such promotions/by transfer appointments, if they possess the required qualifications as prescribed in the previous recruitment

Rules.

8. **Applicability of Service Rules**

The provisions of Recruitment (Qualification and Method of Appointments) Rules for Kerala Tourism Infrastructure Limited, shall apply to the personnel in the Company. Wherever provisions are not otherwise provided for, the provisions of Kerala Service Rules and the Provisions of KS&SSR 1958 shall apply.

9. **Constitution**

The service shall consist of the following categories of employees viz.

1. Chairman & Managing Director/Managing Director
2. General Manager
3. Finance Manager
4. Project Manager
5. Deputy Project Manager
6. CA to MD
7, Computer Operator /Office Assistant
8. Driver
9. Attender

**Annexure**

| Sl. No. | Name of Post | Method of Appointment | Qualification |
|---|---|---|---|
| 01 | Chairman & Managing Director/Managing Director | Appointment by Government vide Article 96 of the Article of Association | N.A |
| | | (i) By Promotion from the post | **For Promotion:**<br>• Should be an approved |

| | | | |
|---|---|---|---|
| | | of Project Manager | • probationer in the category of Project Manager |
| 02 | General Manager | In the absence of item (i) above<br>(ii) By Direct Recruitment by KTIL<br>*In the absence of item (i) and (ii) above*<br>(iii) By Deputation | **For Direct Recruitment/ Deputation:**<br>• Degree in Engineering with MBA. Minimum 10 year experience in managerial capacity.Specific exposure in Project Consultancy Marketing Research/DPR preparation preferred. |
| 03 | Finance Manager | By Deputation from Finance Department, Government of Kerala | • At the level of Deputy Secretary, Finance Department, Government of Kerala. |
| 04 | Project Manager. | (i) By Promotion from the post of Deputy Project Manager.<br>In the absence of item (i) above<br>(ii) By Direct Recruitment | **For Promotion:**<br>• Should be an approved probationer in the category of Deputy Project Manager<br>**For Direct Recruitment/Deputation:**<br>• Degree in Engineering with MBA. Minimum 6 years experience in managerial capacity. Specific Exposure in Project Consultancy /Marketing Research/DPR preparation preferred.<br>**OR** |

| | | | |
|---|---|---|---|
| | | by KTIL<br>In the absence of item (i) and (ii) above<br>(iii) By Deputation | Degree in Engineering with MBA. Minimum 6 years experience in managerial capacity in Tourism Sector/Infrastructure/ Industry Development Activities.<br>**OR**<br>At least 5 years experience Managerial Capacity out of which 2 years in Project Consultancy/Marketing Research/ DPR preparation |
| 05 | Deputy Project Manager | Through Direct Recruitment by KT1L | • MBA/B.Tech/MTA. Minimum of 5 years experience in managerial capacity out of which at least one year in Tourism Sector preferably in infrastructure development. |
| 06 | CA to MD | By Direct Recruitment through Kerala Public | (a) Any Degree from a UGC recognised University<br>(b) Lower Grade Certificate in Typewriting English(KGTE) and Computer Word Processing or its equivalent<br>Note:-Those who have passed the KGTE Typewriting before January 2002 should possess separate certificate in "Computer Word Processing or its equivalent at the time of application"<br>(c) Lower Grade Certfiicate in Typewriting Malayalam(KGTE) |

| | | | |
|---|---|---|---|
| | | Service Commission | or its equivalent<br>(d) Lower Grade Certfiicate in Shorthand English(KGTE) or its equivalent<br>(e) Lower Grade Certfiicate in Shorthand Malayalam (KGTE) or its equivalent<br>(f) 2 years' experience as Confidential Assistant / Stenographer in a Government/ Quasi-Government/ Public Sector Undertaking or Registered Private Sector Undertaking |
| 07 | Computer Operator/Office Assistant | By Direct Recruitment through Kerala Public Service Commission | • Degree with PGDCA or equivalent. Minimum 2 years experience in data entry and Office automation. |
| | | | 1) A pass in Standard VII or Equivalent qualification<br>2) Must possess a current, Motor Driving Licence of three years standing to drive Light Motor Vehicles with Drivers Badge<br>3) Medical Fitness: Should be medically fit as per the standards specified below:<br>(i) Ear : -Hearing should be perfect<br>(ii) Eye:-<br>Distant vision :- 6/6snellen<br>Near Vision :- 0.5 snellen<br>Colour Vision : Normal<br>Night Blindness: Nil |

| | | | |
|---|---|---|---|
| 08 | Driver Cum Office Attendant (Light Motor Vehicle) | By Direct Recruitment through Kerala Public Service Commission | iii) Muscles and Joints :- No Paralysis and all joints with free movements<br>(iv) Nervous System:- Perfectly normal, free from any infectious diseases.<br>**Notes:-**<br>1) Driving Licence shall be valid not only at the time of application but also at each stage of selection<br>2) Proficiency in driving Light Motor vehicles is to be proved by a practical test conducted by the KPSC during the course of selection.<br>3) Medical fitness shall be proved by a proper Medical Certificate obtained from a Medical Officer not below the rank of an Assistant Surgeon.<br>4)Physically Handicapped persons are not eligible to apply for the post |
| 09 | Attender | By Direct Recruitment through Kerala Public Service Commission | • 8th Standard Pass with Good physique. |

# അനുബന്ധം 2

## കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്
## നിയമനം (യോഗ്യത - നിയമനരീതി) സംബന്ധിച്ച ചട്ടങ്ങൾ

1. **ചുരുക്കപ്പേരും പ്രാരംഭവും**

a. ഈ ചട്ടങ്ങൾ **കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് - നിയമനം (യോഗ്യത, നിയമനരീതി) സംബന്ധിച്ച ചട്ടങ്ങൾ, 2026** എന്ന പേരിൽ അറിയപ്പെടുന്നതാണ്.

b. സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന തീയതി മുതൽ ഇപ്പോൾ നിലവിലുള്ള ചട്ടങ്ങൾക്ക് പകരമായി ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

2. **നിർവ്വചനങ്ങൾ**

a. **ചട്ടങ്ങൾ** എന്നാൽ **കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്-നിയമനം (യോഗ്യത, നിയമനരീതി)** സംബന്ധിച്ച ചട്ടങ്ങൾ, 2026 , എന്ന് അർത്ഥമാകുന്നു.

b. **കമ്പനി** എന്നാൽ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന് അർത്ഥമാകുന്നു.

c. **കമ്മീഷൻ** എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന് അർത്ഥമാകുന്നു.

d. **മാനേജിംഗ് ഡയറക്ടർ** എന്നാൽ അതത് സമയങ്ങളിൽ കമ്പനിയിൽ സർക്കാർ നിയമിക്കുന്ന ഭരണമേധാവി (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ) എന്ന് അർത്ഥമാകുന്നു.

e. ഏതെങ്കിലും വിധത്തിലുള്ള അധികാരം പ്രയോഗിക്കേണ്ടുന്ന സന്ദർഭങ്ങളിൽ **ക്ഷമതയുള്ള അധികാരസ്ഥാനം (കോമ്പീറ്റന്റ് അതോറിറ്റി)** എന്നാൽ ഡയറക്ടർ ബോർഡിനുവേണ്ടി ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള കമ്പനിയുടെ ഡയറക്ടർ ബോർഡ്, ചെയർമാൻ, മാനേജിംഗ് ഡയറക്ടർ അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു.

f. **നിയമനാധികാരി** എന്നാൽ കമ്പനിയിലെ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി കമ്പനിയിലെ ക്ഷമതയുള്ള അധികാരസ്ഥാനം (ബോർഡ്) അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാകുന്നു.

g. **പ്രൊബേഷണർ** എന്നാൽ കമ്പനിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഒരു തസ്തികയിൽ ജോലിക്ക് വച്ചിട്ടുള്ളതും നിരീക്ഷണകാലാവധിയിൽ ഉള്ളതും ആയ ആൾ എന്ന് അർത്ഥമാകുന്നു. ഇതിൽ ദീർഘിപ്പിച്ച പ്രൊബേഷൻ കാലാവധിയിലിരിക്കുന്ന ജീവനക്കാരനും ഉൾപ്പെടുന്നു. ജീവനക്കാരുടെ പ്രൊബേഷൻ കാലാവധി നീട്ടേണ്ടിവരുന്ന സാഹചര്യത്തിൽ നിശ്ചിത പ്രൊബേഷൻ കാലാവധിക്കുശേഷം കൺഫർമേഷൻ പ്രഖ്യാപിക്കുന്ന തുവരെയുള്ള കാലയളവ് എന്നാണ് ദീർഘിപ്പിച്ച പ്രൊബേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

h. **അപ്രൂവ്ഡ് പ്രൊബേഷണർ**. ഒരു പ്രത്യേക വിഭാഗത്തിലെ അപ്രൂവ്ഡ് പ്രൊബേഷണർ എന്നാൽ നീരിക്ഷണ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയ ശേഷം പ്രസ്തുത വിഭാഗത്തിൽ പൂർണ്ണ അംഗമായി ഉൾപ്പെടുത്തപ്പെടുവാൻ കാത്തിരിക്കുന്ന ആൾ എന്ന് അർത്ഥമാകുന്നു.

3. **നിയമനം**

a. കമ്പനിയുടെ കീഴിലുള്ള തസ്തികകൾ നികത്തപ്പെടുന്നത് **കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്-നിയമനം (യോഗ്യത, നിയമനരീതി)** സംബന്ധിച്ച ചട്ടങ്ങൾ 2026-ന്

അനുസൃതമായി ആയിരിക്കണം. തസ്തികയുടെ പേര്, യോഗ്യത, പ്രവൃത്തിപരിചയം, വിവിധ കേഡറുകളിലുള്ള ഒഴിവുകൾ നികത്തുന്നതിന് അനുവർത്തിക്കേണ്ട നിയമനരീതി മുതലായവ ഈ ചട്ടങ്ങളുടെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

b. വിവിധ കാലങ്ങളിലായി ഉണ്ടാകുന്ന ഒഴിവുകൾ നികത്തപ്പെടുന്നത് ഈ ചട്ടങ്ങളുടെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുള്ള നിയമന രീതികൾക്ക് അനുസൃതമായി ആയിരിക്കും.

c. കമ്പനിയിലെ സേവനകാലത്തിനിടയിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമുള്ള ഡൈയിംഗ്- ഇൻ-ഹാർനസ്സ് വഴിയുള്ള നിയമന സഹായം കമ്പനി ലഭ്യമാക്കുന്നതാണ്.

d. നേരിട്ടുള്ള എല്ലാ നിയമനങ്ങൾക്കും സംവരണ നിയമങ്ങൾ (കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത KS&SSR 1958 ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെ) ബാധകമായിരിക്കും.

e. എസ്‌സി/എസ്ടി, ഒബിസി എന്നിവർക്ക് സാധാരണ ഇളവുകളോടെ അപേക്ഷകൾ ക്ഷണിക്കുന്ന വർഷം ജനുവരി 1 ന് 18 (പതിനെട്ട്) വയസ്സ് പൂർത്തിയാവാതിരിക്കുകയോ 36 (മുപ്പത്തിയാറ്) വയസ്സ് പൂർത്തിയാവുകയോ(നിശ്ചിത പ്രായ പരിധി നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിൽ ഒഴികെ) ചെയ്തവർക്ക് കമ്പനിയുടെ ചട്ടങ്ങളുടെ പരിധിയിൽ വരുന്ന ഒരു വിഭാഗത്തിലേക്കും നേരിട്ടുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഒരു സാഹചര്യത്തിലും നേരിട്ടുള്ള റിക്രൂട്ട്മെന്റിനുള്ള പരമാവധി പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ല. *(നോട്ട്:-കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി, വിമുക്തഭടന്മാർ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾ പ്രായപരിധിയിലുള്ള നിയമാനുസൃതമായ ഇളവുകൾക്ക് അർഹരായിരിക്കും.)*

f. കമ്പനിയിലെ എല്ലാ വിഭാഗങ്ങളിലും/തസ്തികകളിലും നിയമനത്തിന് ആവശ്യമായ യോഗ്യതകളെ സംബന്ധിച്ചും നിയമനരീതി സംബന്ധിച്ചും ഈ ചട്ടങ്ങളുടെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ചട്ടങ്ങളുടെ അനുബന്ധത്തിൽ വ്യക്തമാക്കിയിട്ടുള്ള യോഗ്യതകൾ ഇല്ലാത്തവരാണെങ്കിൽ ഏത് വിഭാഗം/തസ്തികയിലേക്കായാലും ഏത് തരത്തിലുള്ള നിയമന രീതിയായാലും യാതൊരു കാരണവശാലും നിയമനത്തിന് അർഹരായിരിക്കുകയില്ല.

4. **പ്രൊബേഷൻ (നിരീക്ഷണകാലം)**

ചട്ടങ്ങളുടെ അനുബന്ധത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള വിവിധ തസ്തികകൾ /വിഭാഗങ്ങൾ എന്നിവയിലേക്ക് നിയമിക്കപ്പെടുന്ന ഏതൊരു വ്യക്തിയും ജോലിയിൽ പ്രവേശിച്ച തീയതി മുതൽ താഴെ വ്യക്തമാക്കിയിട്ടുള്ള കാലയളവ് വരെ പ്രൊബേഷനിൽ (നിരീക്ഷണകാലം) ആയിരിക്കും.

a. നേരിട്ടോ സ്ഥലം മാറ്റം മുഖേനയോ ഉള്ള നിയമനമാണെങ്കിൽ, അറ്റൻഡന്റ് അല്ലാത്ത മറ്റേതെങ്കിലും വിഭാഗത്തിൽ, തുടർച്ചയായ മൂന്ന് വർഷങ്ങൾക്കുള്ളിൽ ആകെ രണ്ട് വർഷത്തെ കാലയളവ്.

b. സ്ഥാനക്കയറ്റം ആണ് നിയമനരീതിയെങ്കിൽ തുടർച്ചയായ രണ്ട് വർഷങ്ങൾക്കുള്ളിൽ ആകെ ഒരു വർഷത്തെ കാലയളവ്.

c. അറ്റൻഡർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനമാണെങ്കിൽ തുടർച്ചയായ മൂന്ന് വർഷത്തെ തുടർച്ചയായ കാലയളവിനുള്ളിൽ ആകെ ഒരുവർഷ കാലയളവ്.

5. **സ്ഥാനക്കയറ്റം**

a. കമ്പനിയിൽ സ്ഥാനക്കയറ്റം വഴി നികത്തപ്പെടുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകളിൽ ഒഴിവുകൾ വരുന്നമുറയ്ക്ക്, തൊട്ട് താഴെയുള്ള വിഭാഗത്തിൽ/കേഡർ അർഹരായ/അനുയോജ്യരായ ജീവനക്കാരുടെ ലഭ്യതയും പരിഗണിച്ച് ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകേണ്ടതാണ്.

b. ചട്ടങ്ങൾ പ്രകാരം സ്ഥാനക്കയറ്റം വഴി നികത്തപ്പെടുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള വിവിധ തസ്തികകളിലേക്കുള്ള നിയമനം, ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ട പ്രൊബേഷൻ പൂർത്തിയാക്കിയവരുടെ യോഗ്യതയുടെയും കഴിവിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള യോഗ്യരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ആയിരിക്കണം. യോഗ്യതയും കഴിവും സമാനമാകുമ്പോൾ, സ്ഥാനക്കയറ്റത്തിന് സീനിയോറിറ്റി കണക്കാക്കും

c. ജീവനക്കാരുടെ യോഗ്യതയും കഴിവും കോൺഫിഡൻഷ്യൽ റിപ്പോർട്ട്, വിവിധ സമയങ്ങളിലായി നടത്തുന്ന പ്രവർത്തന വിലയിരുത്തലുകൾ മുതലായവ വഴി കണ്ടെത്തേണ്ടതാണ്. Confidential Report, Periodical Performance and Assessment തയ്യാറാക്കുന്നത് വിവിധ മാനദണ്ഡങ്ങ ളായ intelligence, Initiative and Resourcefulness, Discipline, Responsibility and Dependability, Co-operation and Personal Relations, Interest in the Assignment, Job Knowledge, Noting Drafting and Correspondence, Power of Analysis and Judgement, Supervision and control, Quantity and Quality of Work, Ability to Communicate, Use of Delegated Powers, Punishment Awarded to the Officer എന്നിവയിന്മേലുള്ള വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

d. ചട്ടങ്ങളുടെ അനുബന്ധത്തിൽ സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് വ്യക്തമാക്കിയിട്ടുള്ള മുഴുവൻ യോഗ്യതകളും പ്രവർത്തനപരിചയവും ഇല്ലാത്ത ഒരു വ്യക്തിയും സ്ഥാനക്കയറ്റം വഴിയുള്ള നിയമനത്തിന് അർഹനായിരിക്കുകയില്ല.

e. മാനേജിംഗ് ഡയറക്ടർ ചെയർമാനും, ജനറൽ മാനേജർ കൺവീനറും, കമ്പനിക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ അംഗവും ആയി ഒരു ഡിപ്പാർട്ട്മെൻറ് പ്രമോഷൻ കമ്മിറ്റി (ഡി.പി.സി) യെ കമ്പനിയുടെ ഡയറക്ടർ ബോർഡ് നിശ്ചയിക്കുന്നതാണ്. ഡിപ്പാർട്ട്മെൻറ് പ്രമോഷൻ കമ്മിറ്റി (ഡി.പി.സി) യുടെ തീരുമാനം റിവ്യൂ ചെയ്യുന്നതിന്റെ ചുമതല ഡിപി.സി-യ്ക്കു തന്നെയായിരിക്കും.ഡിപിസിയുടെ തീരുമാനത്തിനെതിരായ അപ്പലേറ്റ് അതോറിറ്റി ബോർഡ് ആയിരിക്കും

6. **തസ്തിക മാറ്റം മുഖേനയുള്ള നിയമനം:**

ഈ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ നിയമനരീതിയായി തസ്തിക മാറ്റം മുഖേനയുള്ള നിയമനം നിശ്ചയിക്കപ്പെട്ടിട്ടുള്ള തസ്തികകളിലേക്ക് ഉള്ള നിയമനങ്ങൾ അതിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്.

7. **പൊതുവ്യവസ്ഥകൾ**

a. ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ വിവിധ തസ്തികകളിലേക്കായി

നിശ്ചയിക്കപ്പെട്ടിട്ടുള്ള എല്ലാ വിദ്യാഭ്യാസ/സാങ്കേതിക യോഗ്യതകളും യു.ജി.സി അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ;/ കേന്ദ്ര സർക്കാർ സ്ഥാപിച്ചിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ അല്ലെങ്കിൽ കേരള സർക്കാർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങൾ മുതലായവയിൽ നിന്ന് കരസ്ഥമാക്കിയവ ആയിരിക്കണം. എം.ബി.എ/എം.സി.എ/പി.ജി.ഡി.സി.എ യോഗ്യതകൾ അംഗീകൃത സർവ്വകലാശാലകൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുഴുവൻ സമയ പഠനത്തിലൂടെ നേടിയവയായിരിക്കണം.

b. സ്ഥാനക്കയറ്റം അല്ലെങ്കിൽ സ്ഥലം മാറ്റം മുഖേനയുള്ള നിയമനത്തിനായി ഏതൊരു തസ്തിക/വിഭാഗത്തിലേക്കും പരിഗണിക്കപ്പെടുന്ന ജീവനക്കാർ ഒഴിവുകൾ നിലവിൽ വരുന്ന തീയതിയിൽ, ചട്ടങ്ങളുടെ അനുബന്ധത്തിൽ പ്രസ്തുത തസ്തിക/വിഭാഗത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള മുഴുവൻ യോഗ്യതകളും ഉള്ളവരായിരിക്കണം.

c. നേരിട്ടുള്ള നിയമനം എന്നത് നിയമന രീതികളിലൊന്നായി പറഞ്ഞിട്ടുള്ളതും സ്ഥാനക്കയറ്റം വഴിയോ സ്ഥലം മാറ്റം വഴിയോ നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവർ/അർഹതയുള്ളവർ, ഒഴിവുകൾ ഉണ്ടാകുന്ന സമയത്ത് യോഗ്യരായവർ കമ്പനിയുടെ സർവ്വീസിൽ ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തപ്പെടേണ്ടതാണ്.

d. നിലവിലെ ചട്ട പ്രകാരമുള്ള യോഗ്യതകൾ നേടിയിട്ടുള്ളതും, ഈ പുതിയ ചട്ടങ്ങൾ നിലവിൽ വരുന്ന തീയതിയിൽ കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ സർവീസിൽ തുടരുന്നതുമായവർക്ക് സ്ഥാനക്കയറ്റം/തസ്തിക മാറ്റം എന്നീ നിയമനങ്ങൾക്ക് പുതിയ ചട്ടപ്രകാരമുള്ള യോഗ്യതകൾ നിലവിലെ യോഗ്യതകളിൽ നിന്നും വ്യത്യസ്തമാണെങ്കിൽ പുതിയ യോഗ്യതകൾ നേടുന്നതിൽ നിന്നും ഒഴിവ് അനുവദിക്കേണ്ടതാണ്.

8. **ചട്ടങ്ങൾ ബാധമാക്കൽ**

കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് - നിയമനം (യോഗ്യത, നിയമനരീതി) സംബന്ധിച്ച ചട്ടങ്ങൾ കമ്പനിയിലെ എല്ലാ ജീവനക്കാർക്കും ബാധകമായിരിക്കും. ഇതിൽ പ്രത്യേക പ്രൊവിഷനുകൾ ഇല്ലാത്ത സന്ദർഭങ്ങളിൽ കേരള സർവ്വീസ് റൂളിന്റെയും കെ.എസ് & എസ്.എസ്.ആർ 1958 ന്റെയും പ്രൊവിഷനുകൾ ബാധകമായിരിക്കും.

9. **ഉദ്യോഗസ്ഥഘടന:**

കമ്പനിയുടെ ഉദ്യോഗസ്ഥഘടന താഴെപറയുന്ന തസ്തികകൾ/വിഭാഗങ്ങൾ അടങ്ങുന്നതാണ്.

1. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/മാനേജിംഗ് ഡയറക്ടർ
2. ജനറൽ മാനേജർ
3. ഫിനാൻസ് മാനേജർ
4. പ്രൊജക്ട് മാനേജർ
5. ഡെപ്യൂട്ടി പ്രൊജക്റ്റ് മാനേജർ
6. മാനേജിംഗ് ഡയറക്ടറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
7. കമ്പ്യൂട്ടർ ഓപ്പറേറ്റർ / ഓഫീസ് അസിസ്റ്റന്റ്
8. ഡ്രൈവർ

9. അറ്റൻഡർ

## അനുബന്ധം - 1

| ക്രമ നമ്പർ | തസ്തികയുടെ പേര് | നിയമനരീതി | യോഗ്യത |
|---|---|---|---|
| 01 | ചെയർമാൻ & മാനേജിംഗ് ഡയറക്ടർ /മാനേജിംഗ് ഡയറക്ടർ | കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 96 പ്രകാരം സർക്കാർ നേരിട്ട്. | ബാധകമല്ല. |
| 02 | ജനറൽ മാനേജർ | i. പ്രൊജക്റ്റ് മാനേജർ തസ്തികയിൽ നിന്നും, സ്ഥാനക്കയറ്റം വഴി.<br>സ്ഥാനക്കയറ്റത്തിനായി യോഗ്യരായ ജീവനക്കാരുടെ അഭാവത്തിൽ<br>(ii) കെ.ടി.ഐ. എൽ നടത്തുന്ന നേരിട്ടുള്ള നിയമനം<br>മുകളിലുള്ള ഇനം (i) ഉം (ii) ഉം ഇല്ലെങ്കിൽ<br>(iii) ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം | **സ്ഥാനക്കയറ്റം മുഖേന:**<br>• പ്രൊജക്റ്റ് മാനേജർ തസ്തികയിൽ ഉള്ള ഒരു അപ്രൂവ്ഡ് പ്രൊബേഷണർ ആയിരിക്കണം.<br>**നേരിട്ടുള്ള/ഡെപ്യൂട്ടേഷൻ മുഖേന**<br>• എഞ്ചിനീയറിംഗ് ഡിഗ്രി യും എം.ബി.എ-യും. മാനേജ്മെന്റ് രംഗത്ത് ചുരുങ്ങിയത് 10 വർഷത്തെ പരിചയം. പ്രോജക്റ്റ് കൺസൾട്ടൻസി/മാർക്കറ്റിംഗ് റിസർച്ച്/ ഡിപിആർ തയ്യാറാക്കൽ എന്നിവയിലുള്ള പ്രത്യേക പരിചയത്തിന് മുൻഗണന. |
| 03 | ഫിനാൻസ് മാനേജർ | കേരള സർക്കാർ ധനകാര്യ വകുപ്പിൽ നിന്ന് ഡെപ്യൂട്ടേഷൻ വഴി. | • കേരള സർക്കാർ ധനകാര്യ വകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി തലത്തിൽ നിന്നും. |
| 04 | പ്രൊജക്റ്റ് മാനേജർ | i. ഡെപ്യൂട്ടി പ്രൊജക്റ്റ് മാനേജർ തസ്തികയിൽ നിന്നും, സ്ഥാനക്കയറ്റം വഴി.<br>സ്ഥാനക്കയറ്റത്തിന് യോഗ്യരാ | **സ്ഥാനക്കയറ്റം മുഖേന:**<br>• ഡെപ്യൂട്ടി പ്രൊജക്റ്റ് മാനേജർ തസ്തികയിൽ ഉള്ള ഒരു അപ്രൂവ്ഡ് പ്രൊബേഷണർ ആയിരിക്കണം. |

| | | | |
|---|---|---|---|
| | | യ ജീവനക്കാരുടെ അഭാവത്തിൽ,<br><br>(ii) കെ.ടി.ഐ.എൽ നടത്തുന്ന നേരിട്ടുള്ള നിയമനം<br><br>മുകളിലുള്ള ഇനം (i) ഉം (ii) ഉം ഇല്ലെങ്കിൽ<br>(iii) ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം | **നേരിട്ട് / ഡെപ്യൂട്ടേഷൻ മുഖേന:**<br><br>• എഞ്ചിനീയറിംഗ് ഡിഗ്രി യും എം.ബി.എ-യും. മാനേജ്മെന്റ് രംഗത്ത് ചുരുങ്ങിയത് 06 വർഷത്തെ പരിചയം. പ്രോജക്റ്റ് കൺസൾട്ടൻസി/ മാർക്കറ്റിംഗ് റിസർച്ച്/ ഡിപിആർ തയ്യാറാക്കൽ എന്നിവയിലുള്ള പ്രത്യേക പരിചയം അഭികാമ്യം.<br><br>OR<br><br>എഞ്ചിനീയറിംഗ് ഡിഗ്രിയും എം.ബി.എ -യും. വിനോദസഞ്ചാരം/ അടിസ്ഥാനസൗകര്യം/ വ്യവസായ വികസനം എന്നീ മേഖലകളിൽ മാനേജ്മെന്റ് രംഗത്ത് ചുരുങ്ങിയത് 06 വർഷത്തെ പ്രവർത്തനപരിചയം<br><br>OR<br><br>മാനേജ്മെന്റ് രംഗത്ത് ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തനപരിചയം. ഇതിൽ 2 വർഷം പ്രോജക്റ്റ് കൺസൾട്ടൻസി/മാർക്കറ്റിംഗ് റിസർച്ച്/ ഡിപിആർ തയ്യാറാക്കൽ എന്നിവയിൽ ആയിരിക്കണം. |
| 05 | ഡെപ്യൂട്ടി പ്രൊജക്റ്റ് മാനേജർ | കെ.ടി.ഐ.എൽ നടത്തുന്ന നേരിട്ടുള്ള നിയമനം | • എം.ബി.എ/ബി.ടെക്/എം.ടി.എ.<br><br>മാനേജ്മെന്റ് രംഗത്ത് ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തനപരിചയം. ഇതിൽ ചുരുങ്ങിയത് ഒരു വർഷമെങ്കിലും ടൂറിസം മേഖലയിൽ, പ്രത്യേകിച്ച് അടിസ്ഥാന സൗകര്യ വികസനത്തിലുള്ള പരിചയം അഭികാമ്യം. |
| 06 | സി എ ട്ട എം | കേരള പബ്ലിക് സർവ്വീസ് കമ്മീ | (a) യു.ജി.സി അംഗീകൃത സർവ്വകലാ |

| | | | |
|---|---|---|---|
| | ഡി | ഷൻ വഴി നേരിട്ടുള്ള നിയമനം | ശാലയിൽ നിന്നും നേടിയ ഏതെങ്കിലു ം ബിരുദം<br><br>(b) Lower Grade Certificate in Type writing English (KGTE) and Compute r Word<br>Processing or its equivalent<br>Note :- Those who have passed the KGTE Typewriting before January, 2 002 should possess separate certific ate in "Computer Word Processing or its equivalent at the time of applic ation".<br>(c) Lower Grade Certificate In Type writing Malayalam (KGTE) or its equi valent.<br>(d) Lower Grade Certificate in Short hand English (KGTE) or its equivalen t.<br>(e) Lower Grade Certificate in Short hand Malayalam (KGTE) or its equiv alent.<br>(f) 2 years experience as Confidenti al Assistant / Stenographer in a Gov ernment / Quasi Government/ Public Sector undertaking or registered priv ate sector undertaking |
| 07 | കമ്പ്യൂട്ടർ ഓപ്പറ േറ്റർ/ ഓഫീസ് അസിസ്റ്റന്റ് | കേരള പബ്ലിക് സർവ്വീസ് കമ്മീ ഷൻ വഴി നേരിട്ടുള്ള നിയമനം | • പി.ജി.ഡി.സി.എ/തത്തുല്യയോഗ് യതയും ബിരുദവും. ഡാറ്റാ എ ൻട്രിയിലും ഓഫീസ് ഓട്ടോമേഷ നിലും ചുരുങ്ങിയത് രണ്ട് വർഷ ത്തെ പരിചയം |
| 08 | ഡ്രൈവർ കം ഓഫീസ് അറ്റ ൻഡന്റ് (എൽ. എം.വി) | കേരള പബ്ലിക് സർവ്വീസ് കമ്മീ ഷൻ വഴി നേരിട്ടുള്ള നിയമനം | 1. ഏഴാം തരം പാസ് അല്ലെങ്കിൽ ത ത്തുല്യ യോഗ്യത നേടിയവരായിരിക്ക ണം.<br><br>2. കുറഞ്ഞത് മൂന്ന് വർഷം മുൻപ് നേടി |

| | | | | |
|---|---|---|---|---|
| | | | | യിട്ടുള്ളതും നിലവിൽ അംഗീകാരമുള്ള തുമായ ലൈറ്റ് മോട്ടോർ വെഹിക്കിൾ ഓടിക്കാനുള്ള അംഗീകൃത ലൈസൻ സും ബാഡ്ജും.<br><br>3. മെഡിക്കൽ ഫിറ്റ്നെസ്സ് : താഴെ പ റയുന്ന നിബന്ധനകൾ പ്രകാരം ശാരീ രിക ക്ഷമത ഉള്ളവരായിരിക്കണം.<br><br>I. കേഴ്‌വി : നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം.<br><br>II. കാഴ്ച:<br><br>ദൂരക്കാഴ്ച : 6/6 സ്നെല്ലൻ<br><br>സമീപക്കാഴ്ച : 0.5 സ്നെല്ലെൻ<br><br>വർണ്ണക്കാഴ്ച : സാധാരണം<br><br>നിശാന്ധത : ഇല്ല.<br><br>III. പേശികളും സന്ധികളും:പരാലി സിസ് പാടില്ല.സന്ധികൾ തട സ്സമില്ലാതെ ചലിപ്പിക്കാവുന്നവയ ായിരിക്കണം .<br><br>IV. നാഡീ വ്യൂഹം : സാധാരണ നി ലയിൽ ആയിരിക്കണം. പകർച്ച വ്യാധികൾ പാടില്ല.<br><br>കുറിപ്പ്:<br><br>1. ഡ്രൈവിംഗ് ലൈസൻസ് അപ േക്ഷയുടെ സമയത്ത് മാത്രമല്ല തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ് ങളിലും വാലിഡ് ആയിരിക്കണം .<br><br>2. ലൈറ്റ് മോട്ടോർ വെഹിക്കിൾ ഓടിക്കുന്നതിനുള്ള പ്രാവീണ്യം തിരഞ്ഞെടുക്കുന്ന സമയത്ത് ക േരള പബ്ലിക് സർവ്വീസ് കമ്മീ ഷൻ നടത്തുന്ന പ്രായോഗിക പ |

| | | | |
|---|---|---|---|
| | | | രീക്ഷയിൽ തെളിയിക്കേണ്ടതാണ്.<br>3. ശരീരികക്ഷമത തെളിയിക്കുന്നതിന് അസിസ്റ്റന്റ് സർജൻ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.<br>4. ഭിന്നശേഷിക്കാരായവർ ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരല്ല. |
| 09 | അറ്റൻഡർ | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ടുള്ള നിയമനം | • എട്ടാം ക്ലാസ്സ് വിജയം. ആരോഗ്യമുള്ള ശരീരം. |